**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2538** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെഎസ്.എഫ്.ഇ. ചിട്ടി വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ചിട്ടികൾ പിടിച്ച് കഴിഞ്ഞ ശേഷം എല്ലാ ചിറ്റാളൻമാർക്കും വീതപ്പലിശ നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ ചിട്ടികളിലെ മുൻപൻ കമ്മീഷൻ കഴിച്ചുള്ള വീതപ്പലിശ (ലേലാദായം) അതാതു ചിട്ടികളിലെ എല്ലാ ചിറ്റാളന്മാർക്കും ചിട്ടി കിട്ടിയവരെന്നോ, കിട്ടാത്തവരെന്നോ നോക്കാതെ തുല്യമായി വീതിക്കുന്നു. |
| (ബി) | ചിട്ടി പിടിച്ച ശേഷം മാസത്തവണ മുടങ്ങിയാൽ വീതപ്പലിശയ്ക്ക് അർഹതയില്ലാതെ വരുന്നതും മുടങ്ങിയ തുകയ്ക്ക് പിഴപ്പലിശ ഈടാക്കുന്നതും ചിട്ടി നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ്; | (ബി) | 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ട് വകുപ്പ് 6, 2012 ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾ 14 എന്നിവ പ്രകാരം തയ്യാറാക്കിയിട്ടുള്ള ചിട്ടി ഉടമ്പടിയിലെ (Form VIII) ഖണ്ഡിക 18 (സി) അനുസരിച്ചാണ് ചിട്ടി പിടിച്ച ശേഷം മാസത്തവണ മുടങ്ങിയാൽ വീതപ്പലിശയ്ക്ക് അർഹതയില്ലാതെ വരുന്നതും മുടങ്ങിയ തുകയ്ക്ക് പിഴപ്പലിശ ഈടാക്കുന്നതും. |
| (സി) | ചിട്ടി നിയമത്തിൽ തവണ തുക മുടങ്ങിയാൽ വീതപ്പലിശയ്ക്ക് അർഹനല്ല എന്ന് പറഞ്ഞിട്ടുണ്ടോ; നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് വീതപ്പലിശ നിഷേധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ചിട്ടി വിളിച്ചെടുത്തശേഷം മുടക്കു വരുത്തുന്ന ചിറ്റാളന്മാർക്കാണ് വീതപലിശക്ക് അർഹതയില്ലാത്തത്. 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ട് വകുപ്പ് 6, 2012 ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾ 14 എന്നിവ പ്രകാരം തയ്യാറാക്കി ചിറ്റാളന്മാർ ഒപ്പിട്ടു നൽകിയിട്ടുള്ള ചിട്ടി ഉടമ്പടിയിലെ (Form VIII) ഖണ്ഡിക 18 (സി) അനുസരിച്ചാണ് ചിട്ടി വിളിച്ചെടുത്തശേഷം മുടക്കു വരുത്തുന്ന ചിറ്റാളന്മാർക്ക് വീതപ്പലിശക്ക് അർഹതയില്ലാത്തത്. |
| (ഡി) | ചിട്ടി നിയമത്തിൽ വീതപ്പലിശ ഈക്വൽ ഡിസ്ട്രിബ്യൂഷൻ ആണെന്ന് പറഞ്ഞിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (ഡി) | 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ട് വകുപ്പ് 6, 2012 ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾ 14 പ്രകാരം തയ്യാറാക്കിയിട്ടുള്ള ചിട്ടി ഉടമ്പടിയിലെ (Form VIII) ഖണ്ഡിക 17 (ബി) പ്രകാരമാണ് വീതപ്പലിശ ചിറ്റാളന്മാർക്ക് തുല്യമായി വീതിക്കുന്നത്. (ഈക്വൽ ഡിസ്ട്രിബ്യൂഷൻ) |

സെക്ഷൻ ഓഫീസർ